കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി &റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## ഓഡിറ്റ് റിപ്പോർട്ട്

**2017-18**


ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

*e-mail:lfadtvm@yahoo.in*
*dotvm.ksad@kerala.gov.in*

<u>"ഭരണഭാഷ മാതൃഭാഷ"</u>

നം.കെ.എസ്.എ.റ്റി.വി.എം. മിസ്.2/1988/2018

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
**ഫോൺ** 0471-2331231
e-mail- lfadtvm@yahoo.in

തീയതി : 23.10.2018

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി
മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവനന്തപുരം.

സർ,

വിഷയം:- **മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ – 2017-18 സാമ്പത്തിക വർഷത്തെ** വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അങ്ങയുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ്
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
2) ഓഫീസ് കോപ്പി.

**നം.കെ.എസ്.എ.റ്റി.വി.എം.മിസ്.2/1988/2018**

**തീയതി.23.10.2018**

**മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18 വർഷത്തെ വരവ്/ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

| | |
|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും | : ശ്രീ.മുഹമ്മദ് നിസാർ.എ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | : ശ്രീ.ശരത് ജെ.ശങ്കർ,<br>ഓഡിറ്റർ |
| ഓഡിറ്റ് നടത്തിയ തീയതി | : 05.09.2018 |

**ഉത്തരവാദിയായ ഉദ്യോഗസ്ഥർ**

| | |
|---|---|
| 1. പ്രസിഡന്റ് | : ഡോ.എൻ.പി.ഉണ്ണി<br>01.04.2017 മുതൽ 31.03.2018വരെ |
| 2. സെക്രട്ടറി | : ശ്രീ. എസ്. ജയശങ്കർ<br>01.04.2017 മുതൽ 31.03.2018 വരെ |
| 3. അഡ്. ഓഫീസർ | : ശ്രീ. ആർ.ഗോവിന്ദൻ നായർ<br>01.04.2017 മുതൽ 31.03.2018 വരെ |

## ഭാഗം –1

## പൊതു അവലോകനം

**1-1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളും, കേരളാ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റിന്റെ വിനിയോഗവും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

**1-2 പൊതു അവലോകനം**

1895-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ചരിത്രം, സംസ്കാരം, മലയാള സാഹിത്യം, കല എന്നിവയിൽ ഗവേഷണം നടത്തുക, മഹാകവി ഉള്ളൂരിനെയും അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങളെയും സംബന്ധിച്ച് ഗവേഷണം നടത്തുക, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ഭാഷകളിൽ ഗവേഷണം നടത്തുന്നതിനു സൗകര്യം ചെയ്യുക, മഹാകവി ഉള്ളൂരിന്റെ സ്വകാര്യ ലൈബ്രറി സൂക്ഷിക്കുക

എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിനോടനുബന്ധിച്ച് ബൃഹത്തായ ഒരു ലൈബ്രറിയും, വായനശാലയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തിന് വർഷം തോറും വിവിധ സ്രോതസ്സുകളിൽ നിന്ന് ധനസഹായവും ലഭിക്കുന്നു. ജി.ഒ.(എം.എസ്) 131/80/ഹയർ/എഡ്യു. തീയതി 06.09.1980 ജി.ഒ.(ആർ.റ്റി) 38/95/സി.എ).ഡി/ തീയതി 01.02.1995 എന്നീ ഉത്തരവുകൾ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1977 നവംബർ 7 ന് ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി 'ഓപ്പൺ യൂണിവേഴ്സിറ്റി സെന്റർ' എന്ന പേരിൽ ഉള്ളൂർ സ്മാരകത്തിൽ അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ഡോ. പി.സി. ചുന്ദർ ഉത്ഘാടനം ചെയ്തു. കേരള ഹിസ്റ്ററി & കൾച്ചർ, ലിറ്ററേച്ചർ ഫോർ ലേയ്മാൻ, ബ്രോഡ്കാസ്റ്റിംഗ് എന്നീ ഡിപ്ലോമ കോഴ്സുകൾ നടത്തിയിരുന്നു. എന്നാൽ വരുമാനത്തിന്റെ അഭാവം മൂലം 1984ന് ശേഷം ഓപ്പൺ യൂണിവേഴ്സിറ്റി സെന്ററിന്റെ പ്രവർത്തനം നിലച്ചു. പ്രസ്തുത സ്ഥാപനം വീണ്ടും ആരംഭിക്കാനുള്ള നടപടികൾ സർക്കാർ സഹായത്തോടെ തുടങ്ങേണ്ടതാണ്.

മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ 4(ii) പ്രകാരം സംസ്കൃതത്തിനും തമിഴിനും കേരളത്തിന്റെ സംഭാവന വിലയിരുത്തുന്നതിനും 4(iv) പ്രകാരം ഇന്ത്യൻ ഭാഷകളിൽ കോഴ്സുകൾ നടത്തുന്നതിനും 4(vii) പ്രകാരം വിവർത്തന ബ്യൂറോ നടത്തുന്നതിനും 4(viii) പ്രകാരം പുസ്തകങ്ങളും മാസികകളും പ്രസിദ്ധീകരിക്കുന്നതിനും 4(ix) പ്രകാരം മാനവിക വിഷയങ്ങളിലെ ഗവേഷണത്തിന്റെ പ്രോത്സാഹനത്തിന് മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും ഈ സ്ഥാപനത്തിന് ബാധ്യതയുണ്ട്. അതിനാൽ ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നിലനിൽക്കുന്ന ഭൂമിയുടെ പട്ടയാവകാശം സംബന്ധിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ അപേക്ഷ ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലാണ്.

1-3 ബജറ്റ്

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ചട്ടം 5(5) അനുസരിച്ച് 2017-18-ലെ വാർഷിക ബജറ്റ് 06.03.2017-ന് ചേർന്ന ഗവേണിംഗ് ബോഡി അംഗീകരിച്ചു. 10,40,000/- രൂപ വരവും, 9,37,000/-രൂപ ചെലവും 1,03,000/-രൂപ മിച്ചവും വരുന്ന ബജറ്റാണ് അംഗീകരിച്ചത്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വരവുകൾ

സർക്കാരിൽ നിന്നുള്ളതും, ലൈബ്രറി കൗൺസിലിൽ നിന്നുള്ളതുമായ ധനസഹായം, സംഭാവന, ഹാൾ, കെട്ടിടം എന്നിവയിൽ നിന്നുമുള്ള വാടക, വരിസംഖ്യ എന്നിവയാണ് 2017 -18 സാമ്പത്തിക വർഷത്തിൽ ലഭിച്ച പ്രധാന വരവുകൾ.

2-2 സർക്കാർ ധനസഹായം

ജി.ഒ.(ആർ.ടി)നം.135/2017/സി.എൽ.എ.ഡി തീയതി 10.03.2017 പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന വാർഷിക ധനസഹായം 5 ലക്ഷം രൂപയാണ്. 2017-18 സാമ്പത്തിക വർഷം ലഭിച്ച ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് / നടപടിക്രമം നം. | തുക | അക്കൗണ്ട് നം./ തീയതി |
|---|---|---|---|
| 1 | നം.എ1/2932/17/സാം.വ തീ.31.05.2017 | 50,000/- | 57004956811 05.06.2017 |
| 2 | നം.എ1/2932/17/സാം.വ തീ.06.02.2018 | 3,00,000/- | 57004956811 15.02.2018 |
| 3 | നം.എ1/2932/17/സാം.വ തീ.03.03.2018 | 1,50,000/- | 57004956811 19.03.2018 |

2-3 സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്നുള്ള ധനസഹായം

2017-18 വർഷം സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്നും വാർഷിക ഗ്രാന്റ് ലഭിച്ചിട്ടില്ല. സ്പെഷ്യൽ അലവൻസ് ഇനത്തിൽ (ലൈബ്രേറിയൻ അലവൻസ്) 10,660/- രൂപ വരവ് വന്നിട്ടുണ്ട്.

2-4 സ്ഥിരനിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | : 295000 |
| തൻവർഷം പിൻവലിച്ചത് | : 0 |
| ആകെ | : 295000 |
| തൻവർഷം നിക്ഷേപിച്ചത് | : 0 |
| നീക്കിയിരിപ്പ് | : 295000 |

<u>സ്ഥിരനിക്ഷേപത്തിന് അർഹമായ പലിശ ലഭിക്കുന്നില്ല</u>

ഇടമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം. 6553 ലെ സ്ഥിരനിക്ഷേപമായ ₹50000/-ക്ക് 10.5% നിരക്കിൽ ₹5250/- ആയിരുന്നു വാർഷിക പലിശ ലഭിക്കേണ്ടിയിരുന്നത് . എന്നാൽ തൻ വർഷം 8.75% പലിശ നിരക്കിൽ ₹4375/- മാത്രമേ ലഭിച്ചിട്ടുള്ളൂ. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അർഹമായ പലിശ ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയതിന് നടപടി സ്വീകരിച്ചിട്ടില്ല. അർഹമായ പലിശ നേടിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മരാമത്ത് പ്രവർത്തികൾ നടപടിക്രമം പാലിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 322944.00 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കേരള പൊതുമരാമത്ത് മാന്വൽ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. മേൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ ആവശ്യപ്പെട്ടെങ്കിലും പദ്ധതി നടത്തിപ്പ് ഫയൽ രൂപത്തിൽ സൂക്ഷിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമായത്. പദ്ധതിയുടെ ചെലവ് വൗച്ചറുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മരാമത്ത് പ്രവർത്തികൾ ചട്ടവിരുദ്ധമായി നടപ്പിലാക്കിയത് സ്ഥാപനത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. ഭാവിയിൽ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ കേരള പൊതുമരാമത്ത് മാന്വൽ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

3-2 2017-18 വർഷത്തെ ഗ്രാന്റ് വിനിയോഗം

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 9,79,864/-

കുറയ്ക്കുക

ഉള്ളൂർ അവാർഡ് : 10000/-
ഉള്ളൂർ എൻഡോവ്മെന്റ് അവാർഡ് : 10000/-
പി.കെ.നാരായണ പിള്ള എൻഡോവ്മെന്റ് അവാർഡ് : ഇല്ല
സെക്രട്ടറിയിൽ നിന്നുള്ള അഡ്വാൻസ് : 1,15,000

**ആകെ : 8,44,864/-**

2017-18 വർഷം ഗ്രാന്റായി ലഭിച്ച 5,00,000/- രൂപ ചെലവഴിച്ചതായി ഓഡിറ്റിൽ കണക്കാക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തികനില

| | | |
|---|---|---|
| മുന്നിരിപ്പ് | : | 4,80,325.73/- |
| വരവ് | : | 8,75,501/- |
| ആകെ | : | 13,55,826.73/- |
| ചെലവ് | : | 9,79,864.70/- |
| നീക്കിയിരിപ്പ് | : | 375962.03 |

4-1(1) നീക്കിയിരിപ്പിന്റെ വിശദാംശം

| | | |
|---|---|---|
| കയ്യിരിപ്പ് പണം | : | 186.00 |
| എസ്.ബി.റ്റി.57004956811 | : | 77,110.38 |
| എസ്.ബി.റ്റി.57004963851 | : | 3,665.65 |
| സ്ഥിര നിക്ഷേപം | : | 2,95,000.00 |
| **ആകെ** | : | **3,75,962.03/-** |

4-2 ഓഡിറ്റ് ചാർജ്

2017-18 വർഷത്തെ ആകെ വരവ് : **8,75,501/-**

<u>കുറയ്ക്കുക</u>

| | |
|---|---|
| സർക്കാർ ഗ്രാന്റ് | : 5,00,000.00 |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | : 10,660.00 |
| സെക്രട്ടറി നൽകിയ അഡ്വാൻസ് | : 1,15,000.00 |
| ലൈബ്രേറിയൻ അലവൻസ് | : 27,000.00 |
| | : 652660.00 |

**ആകെ** **: 222841/-**

ഓഡിറ്റ് ചാർജ് @ 1% : 2228.41 = 2228/-

2017-18ൽ ഒടുക്കിയ ഓഡിറ്റ് ചാർജ് = 2364/-രൂപ

(564/20.02.18 നം. ചെലാൻ പ്രകാരം ഒടുക്കിയിട്ടുണ്ട്.)

ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് = 2228/-രൂപ (2017–18 സാമ്പത്തിക വർഷം)

4-3 വാർഷിക ധനകാര്യ പത്രികയിലെ അപാകത

വാർഷിക ധനകാര്യപത്രിക പ്രകാരം സ്ഥിര നിക്ഷേപം 295000 രൂപയാണ് എന്നാൽ ബാങ്ക് ടേം ഡെപ്പോസിറ്റ് അഡ്വൈസ് പ്രകാരം സ്ഥിര നിക്ഷേപം 309791 രൂപയാണ് .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | പലിശ ശതമാനം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | കാലാവധി പൂർത്തിയാക്കുന്ന തിയതി |
|---|---|---|---|---|---|
| 1 | എസ്.ബി.റ്റി, ജഗതി | 67265432884 | 8.5% | 20000 | 21.02.2019 |
| 2 | ,, | 67265433128 | 8.5% | 50000 | 21.02.2019 |
| 3 | ,, | 67300975515 | 7.25% | 58450 | 10.11.2018 |
| 4 | ,, | 67309358674 | 6% | 31341 | 13.01.2021 |
| 5 | ,, | 67083611223 | 6.25% | 100000 | 23.04.2020 |
| 6 | ഇടമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 6553 | 10.5% | 50000 | |
| **ആകെ** | | | | **309791** | |

സ്ഥിര നിക്ഷേം സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ സ്ഥാപനത്തിന്റെ 2017-18 വർഷത്തെ വരവ് ചെലവ് പത്രികയും ഓഡിറ്റ് സർട്ടിഫിക്കറ്റും ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

*edited : BL*

**അനുബന്ധം 1**

**മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജഗതി, തിരുവനന്തപുരം - വരവ്, ചെലവ് പത്രിക**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 480325.73 | ശമ്പളം | 126400.00 |
| ഗവ.ഗ്രാന്റ് | 500000.00 | ശുചീകരണം | 13250.00 |
| സ്പെ.ഗ്രാന്റ് ലൈബ്രറി കൗൺസിൽ | 10660.00 | ഓഫീസ് ചെലവ് | 49005.70 |
| ലൈബ്രേറിയൻ അലവൻസ് | 27000.00 | പോസ്റ്റേജ് | 4210.00 |
| സ്ഥിരനിക്ഷേപത്തിന്റെ പലിശ | 17197.00 | കറണ്ട് ചാർജ് | 8321.00 |
| വരിസംഖ്യ | 6460.00 | സ്പെഷ്യൽ പ്രോഗ്രാം | 43672.00 |
| സംഭാവന | 500.00 | വെള്ളക്കരം | 2786.00 |
| ഹാൾ വാടക | 193750.00 | മെയിന്റനൻസ് കെട്ടിടം | 326944.00 |
| മറ്റു വരവുകൾ | 1000.00 | കൺവേയൻസ് | 4765.00 |
| സെക്രട്ടറിയുടെ അഡ്വാൻസ് | 115000.00 | ടെലിഫോൺ ചാർജ് | 4490.00 |
| ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് | 3934.00 | സിറ്റിംഗ് ഫീ | 1000.00 |
| | | വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് | 35300.00 |
| | | ഫർണിച്ചർ ചെലവ് | 27600.00 |
| | | ഓപ്പൺ യൂണിവേഴ്സിറ്റി | 19293.00 |
| | | ന്യൂസ് പേപ്പർ ചാർജ് | 16669.00 |
| | | ഉള്ളൂർ അവാർഡ് | 10000.00 |
| | | ഉള്ളൂർ എൻഡോവ്. അവാർഡ് | 10000.00 |
| | | സ്റ്റേഷനറി | 8700.00 |
| | | ലൈബ്രേറിയൻ അലവൻസ് | 27000.00 |
| | | ഓണം ആഘോഷ അലവൻസ് | 12000.00 |
| | | റെമുനറേഷൻ (അവാർഡ്) | 2000.00 |
| | | റെമുനറേഷൻ (പ്രോജക്ട്) | 5000.00 |
| | | കാവ്യ കഥനം | 44573.00 |
| | | ബുക്ക് ബൈന്റിംഗ് | 8500.00 |
| | | ഓഡിറ്റ് ഫീ - കെ.എസ്.എ).ഡി | 2364.00 |
| | | ഓഡിറ്റ് ഫീ - സി.എ). | 5900.00 |
| | | പൂജ ആഘോഷം | 1500.00 |
| | | സെക്രട്ടറിയുടെ അഡ്വാൻസ് തിരികെ നല്കിയത് | 115000.00 |
| | | ഫോട്ടോ ചാർജ്ജ് | 8554.00 |
| | | അച്ചടിച്ചെലവ് | 35038.00 |
| | | <u>നീക്കിയിരിപ്പ്</u>.<br>കയ്യിരിപ്പ് പണം 186.00<br>(SBT57004956811) – 77110.38<br>(SBT57004963851) – 3665.65 | |

| | | | |
|---|---|---|---|
| | | സ്ഥിരനിക്ഷേപം – 295000.00 | |
| **ആകെ** | **1355826.73** | **ആകെ** | **1355826.73** |

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

അനുബന്ധം 2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18 വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടെയും, അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും, സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ഈ സ്ഥാപനം സർക്കാരിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപയുടെ ധനസഹായം അതിന്റെ എല്ലാ നിബന്ധനകൾക്കും അനുസൃതമായി വിനിയോഗിക്കുന്നുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്